10

# ശക്തിയുടെ വൈദഗ്ദ്ധ്യം

## (1:19- 23)

ജോലിയുള്ള ശരാശരി കുടുംബങ്ങൾക്കു വാങ്ങുവാൻ പറ്റുന്ന രീതിയിൽ കാർ നിർമ്മിക്കുന്നതിനെ കുറിച്ചു ഹെൻറി ഫോർഡ് സ്വപ്നം നെയ്തു. ഒരു ധനികന്റെ കളിപ്പാട്ടത്തേക്കാൾ നല്ലതായിരിക്കണം അത് എന്ന് അയാൾ ആഗ്രഹിച്ചു. ഈ നേട്ടത്തിനു, അയാൾ ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള ഒരു തന്ത്രം രൂപപ്പെടുത്തി. ഉല്പാദന ചെലവു കുറയ്ക്കുവാനും വില്പന വില താങ്ങാവുന്നതാക്കുവാനും ആയി ഭാഗം - ഭാഗമായി ചേർത്തുള്ള നിർമ്മാണം അയാൾ നടപ്പിലാക്കി. കാറുല്പാദനത്തിൽ അയാളുടെ തന്ത്രം വിപ്ലവം സൃഷ്ടിച്ചു.

വിവിധ ലക്ഷ്യങ്ങൾക്കായി നാമെല്ലാം തന്ത്രങ്ങൾ ഉപയോഗിക്കാറുണ്ട്, അവ ഉപയോഗിക്കുന്നത് നാം ജോലിയിൽ പ്രൊമോഷനുവേണ്ടി പ്രയത്നിക്കുന്നതിലോ, പ്രത്യേക ക്ലാസിൽ “ഏ” ഗ്രേഡ് കിട്ടുവാൻ ശ്രമിക്കുന്നതിലോ, ഒരു വീട് വാങ്ങുവാനോ ആയിരിക്കാം. നമ്മുടെ തന്ത്രങ്ങളിൽ ചിലതു ഫലിക്കും. മറ്റു ചിലതു പരാജയപ്പെടും.

വൈദഗ്ധ്യമുള്ള പുസ്തകം ആണ് ബൈബിൾ. ആളുകൾക്ക് ജീവിതത്തെ നേരിടുവാൻ ഉപയോഗിക്കേണ്ടതിനു വിവിധ പദ്ധതികൾ നല്കുന്നതാണ് അത്. എന്താണ് പ്രായോഗികമെന്നും പ്രായോഗികമല്ലാത്തതെന്തെന്നും അതു കാണിക്കുന്നു. ബൈബിളിൽ പറയുന്ന വൈദഗ്ദ്ധ്യം വിവിധ ആളുകൾ തങ്ങളുടെ കുടുംബത്തിൽ, വിവാഹത്തിൽ, ജോലിയിൽ, കൂട്ടായ്മയിൽ എല്ലാം പ്രയോഗിച്ചിട്ടുണ്ട്. അതു പ്രാഥമികമായി, ദൈവവുമായുള്ള ബന്ധം രൂപപ്പെടുത്തുന്നതിന്, ദൈവത്തെ അനുസരിക്കുന്നതിന്, ദൈവത്തെ സേവിക്കുന്നതിന് ആവശ്യമായ വൈദഗ്ദ്ധ്യത്തെ അവതരിപ്പിക്കുന്നു. തിരുവെഴുത്തിൽ സ്ഥിരമായി നിലനില്ക്കുന്ന ഒരു വൈദഗ്ദ്ധ്യതത്വം ഇതാണ്: *ദൈവജനം അവന്റെ പ്രവൃത്തി കൈവരിക്കുവാൻ, അവരുടെ സ്വന്ത കഴിവിൽ ആശ്രയിക്കാതെ, ദൈവ ശക്തിയിൽ ആശ്രയിക്കും.* യെരിഹോ പട്ടണം പിടിച്ചെടുത്ത ചരിത്രരേഖ പരിഗണിക്കുക. ഏതൊരു സൈന്യത്തെയും പോലെ ആ പട്ടണത്തെ ആക്രമിക്കുന്നതിനു പകരം ദൈവശക്തിയിൽ ആശ്രയിച്ചു ഏഴു ദിവസം ചുറ്റി നടന്നാൽ മതിലുകൾ താഴെ വീഴും എന്നു ആരെങ്കിലും വിചാരിച്ചു കാണുമോ? അതായിരുന്നു ദൈവത്തിന്റെ യുദ്ധ പദ്ധതി.

നല്ല ആയുധ - ധാരികളായ ആയിരക്കണക്കിനു സൈന്യത്തെ നേരിടുവാൻ സൈന്യത്തിലെ 32,000 പോരാളികളെ വെട്ടിച്ചുരുക്കി 300 പോരാളികൾ ആക്കുവാൻ ഏതു സൈന്യാധിപനാണ് സാധിക്കുക? ദൈവം ഗിദെയോനു ആ വൈദഗ്ദ്ധ്യമാണ് നല്കിയത് - ദൈവശക്തിയിലുള്ള ആശ്രയത്തിൽ പ്രവർത്തിക്കുന്ന വൈദഗ്ദ്ധ്യം.

ദൈവജനം തന്റെ പ്രവൃത്തി നിറവേറ്റുവാൻ, സ്വന്തം ശക്തിയിലല്ല, ദൈവ

ത്തിന്റെ ശക്തിയിൽ ആശ്രയിക്കുവാനാണ് അവൻ ആഗ്രഹിക്കുന്നത്. നാം തിരുവെഴുത്ത് വായിക്കുമ്പോഴൊക്കെ ആ അടിസ്ഥാന വൈദഗ്ദ്ധ്യമാണ് ഉദാഹരണത്തിനു പുറകെ ഉദാഹരണമായി പറഞ്ഞിരിക്കുന്നത്.

ദൈവം മാറിയിട്ടില്ല. ഇന്നും ആളുകൾ അവന്റെ ശക്തിയിൽ ആശ്രയിക്കണം എന്നാണ് അവൻ ആഗ്രഹിക്കുന്നത്. നമ്മുടെ പുസ്തകത്തിലെ പാഠങ്ങൾ അതാണ് ചുരുക്കി പറയുന്നത്. ഒരു സഭയ്ക്കുള്ള അടിസ്ഥാനപരമായ പ്രവർത്തന വൈദഗ്ദ്ധ്യമാണ് അതു നല്കുന്നത്. നാം കർത്താവിന്റെ വേല നമ്മുടെ കഴിവിൽ ആശ്രയിച്ചു ചെയ്യുമോ, അതോ ദൈവശക്തിയിൽ ആശ്രയിച്ചു ചെയ്യുമോ?

പൗലൊസ് എഴുതി,

> നിങ്ങളുടെ ഹൃദയ ദൃഷ്ടി പ്രകാശിപ്പിച്ചിട്ടു, അവന്റെ വിളിയാലുള്ള ആശ ഇന്നതെന്നും, വിശുദ്ധന്മാരിൽ അവന്റെ അവകാശത്തിന്റെ മഹിമാധനം ഇന്നതെന്നും, അവന്റെ ബലത്തിൻ വല്ലഭത്വത്തിന്റെ വ്യാപാരത്താൽ വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിനും പ്രാർത്ഥിക്കുന്നു. അങ്ങനെ അവൻ ക്രിസ്തുവിലും വ്യാപരിച്ചു, അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കയും, സ്വർഗ്ഗത്തിൽ തന്റെ വലതുഭാഗത്തു, എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും, ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകലനാമത്തിനും, അത്യന്തം മീതെ ഇരുത്തുന്നു. സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു, അവനെ സർവ്വത്തിനും മീതെ തലയാക്കി, എല്ലാറ്റിലും എല്ലാം നിറക്കുന്നവന്റെ നിറവായിരിക്കുന്ന അവന്റെ ശരീരമായ സഭെക്കു, കൊടുക്കുകയും ചെയ്തിരിക്കുന്നു (1:18–23).

വാക്യം 18-ന്റെ ആരംഭത്തിൽ, മൂന്നു അദൃശ്യമായ യാഥാർത്ഥ്യങ്ങൾ എഫെസ്യയിലെ *എക്ലേസ്യ* (സഭ) മനസ്സിലാക്കേണ്ടതിന് പൗലൊസ് പ്രാർത്ഥിക്കുന്നു: (1) അവരുടേതായ പ്രത്യേക പ്രത്യാശ, (2) അവർക്കു നല്കപ്പെട്ട ദൈവത്തിന്റെ അവകാശം, (3) അവർ പ്രവർത്തിക്കേണ്ടതായ ദൈവശക്തി.

ക്രിസ്തുവിൽ നമുക്കു ലഭിക്കുന്നതു ഏറ്റവും ഉയർന്ന ശക്തിയാണെന്നു ഊന്നൽ കൊടുക്കുവാൻ പൗലൊസ് "ശക്തി" എന്നതിനു പല വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്. ഓരോ പ്രാദേശിക സഭയും ദൈവത്തിന്റെ ആ നിസ്തുലമായ ശക്തി ഉപയോഗിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

പ്രാദേശിക സഭയ്ക്കു പരിപാടികൾ നടത്താം. നമുക്ക് ഉപദേശിപ്പാനും, സംഘടിപ്പിക്കുവാനും, ജീവിത സാഹചര്യങ്ങളെ കൈകാര്യം ചെയ്യുവാനും ആധുനിക രീതികൾ ഉപയോഗിക്കാം. എങ്ങനെ നല്ല മാതാപിതാക്കളാകാം എന്നും, എങ്ങനെ നല്ല വിവാഹ ജീവിതം നയിക്കാമെന്നും, എങ്ങനെ ആത്മാഭിമാനം ഉണ്ടാക്കിയെടുക്കാമെന്നും, എങ്ങനെ ബൈബിൾ പഠിക്കാമെന്നും, എങ്ങനെ പഠിപ്പിക്കാമെന്നും, ഒരു പ്രാദേശിക ഇടവകയിലെ പരിപാടികളിലും സേവനങ്ങളിലും ഉള്ള നമ്മുടെ പ്രവൃത്തികൾ എങ്ങനെ ചെയ്യണമെന്നും നമുക്കു ആളുകളെ പഠിക്കുവാൻ സഹായിക്കാം. ഇതെല്ലാം ചെയ്താലും ദൈവത്തിന്റെ ജനത്തിനുവേണ്ടിയുള്ള പ്രധാനപ്പെട്ട അടിസ്ഥാനപരമായ വൈദഗ്ധ്യം നാം വിട്ടുപോകാം – ദൈവശക്തിയാൽ പ്രവർത്തി

ക്കുക എന്ന വൈദഗ്ദ്ധ്യം. നമ്മുടെ വേദഭാഗത്തിലെ വാക്കുകളിൽ ഈ ആവശ്യത്തെ നാം കാണുന്നതിന് അവൻ സഹായിക്കുന്നു.

### അവന്റെ ശക്തിയിലുള്ള നമ്മുടെ ആശ്രയത്തെ ദൈവം വളർത്തുന്നു

എഫെസൊസിലുള്ള *എക്ലേസ്യ*ക്കുവേണ്ടി പൗലൊസ് പ്രാർത്ഥിച്ചത് ദൈവശക്തി അറിയുവാനും, അതിൽ പങ്കാളികളാകുവാനും, അതിനാൽ പ്രവർത്തിക്കുവാനുമായിരുന്നു. ആ ശക്തിയിൽ നിന്നു ഉപകാരപ്രദമായ എന്തും ചെയ്യുവാൻ പ്രേരിപ്പിക്കുന്ന ദൈവശക്തിയുടെ മൂന്നു പ്രധാനപ്പെട്ട പ്രദർശനങ്ങൾ അപ്പൊസ്തലൻ സൂചിപ്പിച്ചിട്ടുണ്ട്:

1. *മരിച്ചവരിൽ നിന്നുള്ള ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ് (1:20).* ദൈവ*സ്നേഹ*ത്തിന്റെ വലിയ പ്രദർശനമാണ് ക്രൂശ് അവതരിപ്പിക്കുന്നത്; അവന്റെ *ശക്തി*യുടെ അന്തിമ കാഴ്ച്ച നല്കുന്നതാണ് ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പ്. ദൈവശക്തിയുടെ ഈ പ്രദർശനം താഴെ കൊടുത്തിരിക്കുന്ന പാട്ടിലെ വാക്കുകളിൽ വ്യക്തമാണ്:

> കല്ലറയിൽ നിന്നു അന്നു വാക്കുകളുടെ ശബ്ദം ഒന്നും കേട്ടില്ല,
> കല്ലറ കാത്തുനിന്നിരുന്ന പടയാളികൾ കാൽ മാറ്റി
> വെക്കുന്ന ശബ്ദം മാത്രം.
> ഒരു ദിവസം, രണ്ടു ദിവസങ്ങൾ, മൂന്നു ദിവസങ്ങൾ കഴിഞ്ഞു,
> യേശു അന്ത്യശ്വാസവും വലിച്ചു കഴിഞ്ഞിരിക്കയില്ലേ?
>
> അവന്റെ പിതാവു അവനെ കൈവിട്ടതുകൊണ്ടാണോ,
> നമ്മുടെ പാപങ്ങളെ അവൻ വഹിച്ചുകൊണ്ട്, തന്റെ പുത്രനിൽ
> നിന്നു അവൻ പുറന്തിരിഞ്ഞതു,
> നരകം മുഴുവൻ മന്ത്രിച്ചപോലെ തോന്നുന്നു, "അവൻ മരിച്ചു
> കഴിഞ്ഞു, മറന്നേക്കുക."
> അപ്പോൾ പിതാവു തന്റെ മകനെ നോക്കി പറഞ്ഞു,
>
> "എഴുന്നേല്ക്ക, എന്റെ പ്രിയ! എഴുന്നേല്ക്ക, എന്റെ പ്രിയ!
> കല്ലറക്കു നിന്നെ പിടിച്ചു വെക്കാനാകില്ല.
> ഇനി കഷ്ടതയില്ല, മരണത്തിന്റെ വിഷമവുമില്ല.
> എഴുന്നേല്ക്ക, എഴുന്നേല്ക്ക, എന്റെ പ്രിയാ."[1]

യേശു എഴുന്നേറ്റു. കല്ലറയ്ക്കുള്ളിൽ കടക്കുകയും അതിൽ നിന്നു നിത്യജീവനായി പൊട്ടിപ്പുറപ്പെടുകയും ചെയ്ത ശക്തിയെ ചിന്തിച്ചു നോക്കുക. ദൈവത്തിനു മാത്രമെ അത്തരം ശക്തിയുള്ളൂ. ആ ശക്തി കൂടാതെ നമുക്കു കഴിയാമെന്ന ചിന്ത എത്ര മൗഢ്യമാണ്!

2. *ക്രിസ്തുവിന്റെ ഉയർച്ച.* ദൈവം തന്റെ ശക്തി കാണിച്ചതു ഉയിർത്തെഴുന്നേല്പിൽ മാത്രമല്ല, വീണ്ടും യേശുവിനെ ഉയർത്തിയതിലും കാണിച്ചു. അവൻ "അവനെ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർപ്പിക്കയും, സ്വർഗ്ഗത്തിൽ തന്റെ വലത്തുഭാഗത്തു, എല്ലാ വാഴ്ച്ചക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും, ഈ ലോകത്തിൽ മാത്രമല്ല, വരുവാനുള്ളതിലും വിളി

ക്കപ്പെടുന്ന സകല നാമത്തിനും അത്യന്തം മീതെ ഇരുത്തുകയും ചെയ്തു" (1:20, 21).

"യേശു കർത്താവാകുന്നു" എന്നു നാം ചേർന്നു പാടുമ്പോൾ സത്യമാണ് നാം പാടുന്നത്. അവൻ കർത്താവാണ്. സകല നാമത്തിലും മേലായ നാമമാണ് അവന്റേത്. ഒരു ചിന്തിക്കത്തക്ക ശക്തിയും - ദൂതന്മാരുടേയോ, ഭൂതങ്ങളുടെയോ, അല്ലെങ്കിൽ മനുഷ്യരുടേയോ - കർത്താവായ യേശുക്രിസ്തുവിന്റെ ശക്തിയുമായി താരതമ്യം ചെയ്യാവുന്നതല്ല. അവന്റെ ശക്തി നമ്മോടു അവനിൽ ആശ്രയിക്കുന്നതിൽ ഗൗരവമുള്ളവരാകാൻ പറയുന്നു. അവന്റെ ജനം ആ ശക്തിയിൽ നടക്കുമ്പോൾ, അത് സിംഹാസനത്തിലിരിക്കുന്നവനെ ബഹുമാനിക്കയാണ്.

3. *സഭയ്ക്കുവേണ്ടി യേശുവിന്റെ ഔന്നത്യം.* വാക്യം 22 പറയുന്നതു, "സർവ്വവും അവന്റെ കാൽക്കീഴാക്കിവെച്ചു, അവനെ സർവ്വത്തിനും മീതെ തലയാക്കി." ദൈവത്തിന്റെ ശക്തിയാണ് യേശുവിനെ ഈ ലോകത്തിലും ആത്മിയ ലോകത്തിലും പരമോന്നത കർത്താവാക്കി വെച്ചത്. യേശു പറഞ്ഞു, "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നല്കപ്പെട്ടിരിക്കുന്നു" (മത്തായി 28:18).

അവൻ എല്ലാറ്റിന്മേലും കർത്താവാണ്. ദൈവം യേശുവിനെ കർത്താധികർത്താവാക്കി വെക്കുക മാത്രമല്ല, അവനെ "സകലത്തിലും *സഭയുടെ* തലയാക്കുകയും" ചെയ്തു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, പിതാവായ ദൈവം സകല മഹത്വവുമായ കർത്താവിനെ സഭയ്ക്കു നല്കി! സഭയുടെ നന്മയ്ക്കായി യേശു സിംഹാസനത്തിലിരുന്നു വാഴുന്നു. സഭ ദൈവം ആഗ്രഹിക്കുന്നതു പോലെയുള്ളതാണോ എന്നു കാണുവാനാണ് അവൻ സിംഹാസനത്തിൽ ഇരിക്കുന്നതു. ദൈവശക്തിയിൽ വലുതായി ഇടവകകൾ ആശ്രയിക്കേണ്ട മറ്റൊരു കാരണം ഇതാണ് - കാരണം കർത്താവായ യേശു തന്നെത്താൻ സഭയ്ക്കു കൊടുത്തിരിക്കുകയാണ്.

യേശുവിന്റെ ഔന്നത്യം, ഉയർച്ച, ഉയിർത്തെഴുന്നേല്പ് എന്നിവ മൂലം അവന്റെ ശക്തിയിൽ നമ്മുടെ ആശ്രയം ദൈവം വളർത്തുകയാണ്.

## അവന്റെ ശക്തിയിൽ പങ്കുചേരുവാൻ ദൈവം നമ്മെ ക്ഷണിക്കുന്നു

ബൈബിളിൽ നിന്നു അടിസ്ഥാനപരമായി വരുന്ന വൈദഗ്ധ്യങ്ങളിൽ ഒന്ന് ഇതാ: തന്റെ ജനം തങ്ങളിലല്ല, അവന്റെ ശക്തിയിൽ ആശ്രയിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. പ്രാദേശിക സഭകളുടെ കാര്യത്തിൽ, ദൈവത്തിന്റെ ശക്തിയാൽ നാം പ്രവർത്തിക്കുവാൻ അവൻ ആഗ്രഹിക്കുന്നു കൂടാതെ അവന്റെ ശക്തിയിൽ പങ്കു ചേരുന്നതിനായും അവൻ ക്ഷണിക്കുന്നു.

ഒരു പ്രാദേശിക സഭ അവന്റെ ശക്തിയുടെ ദൃശ്യപ്രകടനവും, അവന്റെ സാന്നിധ്യത്തിന്റെ ദൃശ്യ പ്രകടനവും, കർത്താവായ യേശുവിന്റെ ദൃശ്യ പ്രകടനവും ആകണം. ഒരു ഇടവക ആളുകൾക്ക് ദൈവരാജ്യം കാണുകയും അനുഭവിക്കയും ചെയ്യുന്ന ഒരു സ്ഥാനമാണ് നല്കേണ്ടത്.

1:22, 23-ൽ സഭയെ കുറിച്ചു പൗലൊസ് പറഞ്ഞതു ശ്രദ്ധിക്കുക: ക്രിസ്തുവിനെ "സർവ്വത്തിനും മീതെ തലയാക്കി, എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവായിരിക്കുന്ന, അവന്റെ ശരീരമായ സഭെക്കു കൊടുക്കയും

ചെയ്തിരിക്കുന്നു." സഭയെ സംബന്ധിച്ചു രണ്ടു സത്യങ്ങൾ ഈ വാക്യങ്ങളിലുണ്ട്.

1. *നാം അവന്റെ "ശരീരമാണ്."* യേശുവിനും പ്രാദേശിക സഭക്കുമിടയിൽ ഒരു പ്രധാന യോജിപ്പു നിലനില്ക്കുന്നു. മനുഷ്യശരീരത്തെ കുറിച്ചു ചിന്തിക്കുക. അതിനു പല ഭാഗങ്ങളുണ്ട് - കൈകൾ, ചെവികൾ, കാൽ, ശ്വാസകോശം, മുഴങ്കൈകൾ, ധമനികൾ, മുതലായവ. ഓരോ ഭാഗവും പ്രാധാന്യമുള്ളതാണ്. ഓരോ ഭാഗവും പ്രവർത്തിക്കുമ്പോൾ, ശരീരം ആരോഗ്യത്തിലാണ്. തല, ഹൃദയം, കൈത്തണ്ട്, ആന്തരിക അവയവങ്ങൾ എന്നിവ പ്രവർത്തിക്കുന്നതുകൊണ്ടാണ്, ജീവൻ നിലനില്ക്കുന്നത്.

അതാണ് സഭയ്ക്കുള്ള യേശുവിന്റെ പദ്ധതി. ഈ സത്യം നഷ്ടമാക്കാതിരിക്കുക: *ഒരു സംഘടന എന്നതിനു പകരം ഒരു ശരീരമായി പ്രവർത്തിക്കുമ്പോൾ ഒരു സഭ ദൈവശക്തിയാൽ പ്രവർത്തിക്കുന്നതാകും.* ഒരു സഭ സംഘടനയായി പ്രവർത്തിക്കുന്നതും, ശരീരമായി പ്രവർത്തിക്കുന്നതും തമ്മിലുള്ള വ്യത്യാസം താഴെ കൊടുത്തിരിക്കുന്ന ചാർട്ടിൽ നോക്കി കാണുക.

സഭ ഒരു സംഘടനയായി പ്രവർത്തിക്കുന്നതും ശരീരമായി പ്രവർത്തിക്കുന്നതും തമ്മിൽ വലിയ വ്യത്യാസം ആണുള്ളത്. ശരീരത്തേക്കാൾ സംഘടനയായി പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇന്നു പല പ്രാദേശിക സഭകളും പ്രശ്നങ്ങളെ നേരിട്ടു പരാജയപ്പെടുന്നത്.

2. നാം*"എല്ലാം നിറെക്കുന്നവന്റെ നിറവാണ്."* മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, യേശുവാണ് അവന്റെ സഭ നിറക്കുന്നത്. ക്രിസ്തുവിന്റെ ശരീരം പ്രവർത്തിക്കുമ്പോൾ, അതു യേശുവിന്റെ മുഴുവൻ പ്രകടനമായി തീരുന്നു. അങ്ങനെ സംഭവിക്കുമ്പോൾ, ഒന്നാം നൂറ്റാണ്ടിൽ ഉണ്ടായതു പോലെ, ലോകം ശ്രദ്ധിക്കും. പെട്ടെന്ന്, സഭ വളരുന്നു. ലോകത്തിൽ മറ്റൊരിടത്തും കാണാത്തതു ആളുകൾ സഭയിൽ കാണും - ജീവിക്കുന്ന കർത്താവിനെ, ആളുകളിൽ കൂടെ ശക്തമായി വെളിവാകുന്നു.

ബൈബിളിനെ കുറിച്ചുള്ള ഏറ്റവും നല്ല വ്യാഖ്യാനം ബൈബിൾ തന്നെയാണെന്നു പറഞ്ഞു കേട്ടിട്ടുണ്ട്. നമ്മുടെ സഭയുടെ വൈദഗ്ധ്യം എപ്രകാരം ആയിരിക്കണം എന്നതിനെ കുറിച്ചു 4:7–16 എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക - അതായത് ദൈവശക്തിയാൽ പ്രവർത്തിക്കുന്ന വൈദഗ്ധ്യം:

> എന്നാൽ നമ്മിൽ ഓരോരുത്തന്നു ക്രിസ്തുവിന്റെ ദാനത്തിന്റെ അളവിന്നു ഒത്തവണ്ണം കൃപ [ദൈവ ശക്തി] ലഭിച്ചിരിക്കുന്നു. അതുകൊണ്ടു, "അവൻ ബദ്ധന്മാരെ പിടിച്ചുകൊണ്ടുപോയി ഉയരത്തിൽ കയറി, മനുഷ്യർക്കു ദാനങ്ങളെ കൊടുത്തു, എന്നു പറയുന്നു."... അവൻ ചിലരെ, അപ്പൊസ്തലന്മാരായും, ചിലരെ പ്രവാചകന്മാരായും, ചിലരെ സുവിശേഷകന്മാരായും, ചിലരെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും, നിയമിച്ചിരിക്കുന്നു; അതു നാം എല്ലാവരും വിശ്വാസത്തിലും ദൈവപുത്രനെ കുറിച്ചുള്ള പരിജ്ഞാനത്തിലുമുള്ള, ഐക്യതയും തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണ്ണതയായ പ്രായത്തിന്റെ അളവും പ്രാപിക്കുവോളം, വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലെക്കും, ക്രിസ്തുവിന്റെ ശരീരത്തിന്റെ ആത്മിക വർദ്ധനെക്കും ആകുന്നു. അങ്ങനെ നാം, ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും, തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ, കുടുങ്ങിപ്പോകുവാൻ തക്കവണ്ണം, ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ, അല

ഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ; സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു, ക്രിസ്തു എന്ന തലയോളം, സകലത്തിലും വളരുവാൻ ഇടയാകും, ശരീരം മുഴുവനും യുക്തമായി ചേർന്നും ഏകീഭവിച്ചും, ഓരോ അംഗത്തിന്റെ അതതു വ്യാപാരത്തിനൊത്തവണ്ണം, ഉതവി ലഭിപ്പാനുള്ള ഏതു സന്ധിയാലും, സ്നേഹത്തിലുള്ള വർദ്ധനെക്കായി, അവനിൽ നിന്നു വളർച്ച പ്രാപിക്കുന്നു.

പ്രാദേശിക സഭകളിൽ നേരിട്ട് മൂന്നു വഴികളിൽ ഈ സത്യങ്ങൾ നമുക്ക് പ്രായോഗികമാക്കാം: (1) *ദൈവത്തെ ആദരിക്കുവാനും പ്രസാദിപ്പിക്കുവാനും, ഒരു ഇടവക പ്രവർത്തിക്കേണ്ടത് അവന്റെ ശക്തിയിൽ ആയിരിക്കണം.* തന്റെ ജനം അവരുടെ കഴിവിൽ അല്ല, മറിച്ചു ദൈവശക്തിയിൽ ആശ്രയിച്ചു പ്രവർത്തിക്കുവാനാണ് ദൈവം എല്ലായ്പ്പോഴും ആവശ്യപ്പെട്ടിട്ടുള്ളത്. (2) *അവന്റെ ശക്തിയിൽ പ്രവർത്തിക്കുവാൻ, ഒരു സഭ ശരീരമായി പ്രവർത്തിക്കണം.* ഇതു ക്രിസ്ത്യാനികൾ "പരസ് - പരം ഉള്ള" കല്പനകൾ പരിശീലിക്കുവാൻ ഒന്നിച്ചു കൂടുന്നതിന് ഊന്നൽ നല്കുന്നു. (3) *ഒരു ശരീരമായി പ്രവർത്തിക്കുവാൻ, ഒരു സഭ ശരീര ജീവിതത്തിനു മുൻഗണന കൊടുക്കണം.* ദൈവത്തിന്റെ പുതിയ സാമൂഹ്യക്രമമാണ് *എക്ലേസ്യ* - മുഴുവനായും ഒരു പുതിയ ജീവിത വഴിയാണത്. അതു യേശു മുഖാന്തരം, ദൈവശക്തിയാൽ പ്രവർത്തിക്കുന്ന ശരീര ജീവിതമാണ്.

### ഉപസംഹാരം

ടെക്സാസിലെ, ഇറ്റാസ്ക്കയിൽ, ലോകമഹായുദ്ധം II-നു മുൻപു, ഒരു സ്ക്കൂളിനു തീ പിടിച്ചു ഇരുനൂറിലധികം കുട്ടികൾ മരിച്ചു. യുദ്ധശേഷം, ആ സ്ക്കൂൾ പുനർനിർമ്മിക്കയും "ലോകത്തിൽ ഏറ്റവും നല്ല തളിപ്പു സംവിധാനം" എന്നു അവർ പറഞ്ഞതിനെ ടൗണിൽ സ്ഥാപിക്കയും ചെയ്തു. ആ മുൻകരുതൽ ടൗണിൽ മൊത്തം വീണ്ടും ഉറപ്പാക്കി. ഈ സൗകര്യം അനുസരിച്ചു ആധുനിക രീതിയിലുള്ള തളിപ്പു ജനങ്ങളെ കാണിച്ചു കൊടുക്കുവാൻ അവർ യാത്രകൾ നടത്തി. ടൗൺ വികസിച്ചപ്പോൾ, സ്ക്കൂളിൽ ഒരു പ്രത്യേക വിഭാഗം കൂട്ടിച്ചേർക്കേണ്ടി വന്നു. അവർ ഇതു ചെയ്തപ്പോൾ, അമ്പരപ്പിക്കുന്നതായ ഒന്ന് അവർ കണ്ടെത്തി. സ്ക്കൂൾ തുറന്നു ആ തളിപ്പു സംവിധാനം സ്ഥാപിച്ചിട്ടു ഏഴു വർഷം കഴിഞ്ഞു. ആ വിഭാഗം കൂട്ടിച്ചേർത്തപ്പോൾ, അവർ കണ്ടെത്തിയത് അതിന്റെ കണക്ഷൻ കൊടുത്തിട്ടില്ലായിരുന്നു എന്നാണ്.

അങ്ങനെ ഒരു ഇടവകയിലും സംഭവിക്കാം. ദൈവം അവിശ്വസനീയമായ ശക്തി പ്രാദേശിക സഭകൾക്കു നല്കുന്നുണ്ടെങ്കിലും, ചിലത് കണക്റ്റു ചെയ്തിട്ടില്ല. അവർക്കുള്ളതു നഷ്ടപ്പെടുത്താതെ അടിസ്ഥാനം നിലനിർത്തുവാൻ അവർ പരമാവധി ചെയ്യുന്നുണ്ടാകാം, പക്ഷെ അവരൊന്നും ശരീരങ്ങളായല്ല പ്രവർത്തിക്കുന്നത്. അവർ ദൈവശക്തിയാൽ അല്ലെങ്കിൽ ദൈവ വഴിയിലൂടെ അല്ല ഒരുമിച്ചു പ്രവർത്തിക്കുന്നത്.

ഇതുപോലെയുള്ള ഒരു ഇടവകയിലാണ് നിങ്ങൾ ഉള്ളതെങ്കിൽ നിങ്ങൾ എന്തു ചെയ്യും? ഇടവകയെ ഒരു ശരീരമായി പ്രവർത്തിക്കുവാൻ ദൈവം നയിക്കേണ്ടതിനു പ്രാർത്ഥിക്കുക, വീണ്ടും പ്രാർത്ഥിക്കുക. നിങ്ങൾ അദ്ധ്യക്ഷന്മാരുടെ അടുക്കൽ പോയി സഭ ഒരു ശരീരമായി പ്രവർത്തിക്കുന്നതു

കാണുവാൻ ആഗ്രഹിക്കുന്നു എന്നു പറയുക. നിങ്ങൾ അതിന്റെ ഭാഗം ആകുവാൻ ആഗ്രഹിക്കുന്നു എന്നും അവരെ അറിയിക്കുക. പിന്നെ പ്രാർത്ഥിച്ചു കൊണ്ടിരിക്കുക, അപ്പോൾ കാണാം ദൈവം പ്രവർത്തിക്കുന്നത്.

---

കുറിപ്പ്

[1]എസ്ലി കാർസ്‌വെൽ, "എറൈസ്, മൈ ലൗ," *ഗ്ലോറി: ഹലാൽ മൂസിക്*, ദ സിംഗേഴ്സ് വർഷിപ്പ് സീരീസ് (വെസ്റ്റ് മോൺറോ, ലാ.: ഹോവാർഡ് പബ്ലിഷിങ്ങ് കമ്പനി., 1992), 15. അനുവാദത്തോടെ ഉപയോഗിച്ചിരിക്കുന്നു. © 1987 മൈക്ക് ക്ലാർക്ക് മൂസിക് ആന്റ് ലൗറി മൂസിക് കമ്പനി., ഇൻക്.

| **സഭ ഒരു ശരീരമായി** | **സഭ ഒരു സംഘടനയായി** |
|---|---|
| കൂടിവരൽ അനൗപചാരികവും വ്യക്തിപരവും. | കൂടിവരൽ ഔപചാരികവും വ്യക്തിപരമല്ലാത്തതും. |
| അദ്ധ്യക്ഷന്മാർ ആളുകളെ സേവനത്തിനു പ്രാപ്തരാക്കും. | അദ്ധ്യക്ഷന്മാർ ആത്മാക്കളെ സഹായിക്കുന്നതിനു പകരം പരിപാടികളെ നയിക്കും. |
| അംഗങ്ങൾ അന്യോന്യം ശുശ്രൂഷ ചെയ്യും. | അംഗങ്ങൾ പരിപാടികൾക്ക് വെറുതെ ഒപ്പിടും. |
| ദൈവകൃപയിലും പരിജ്ഞാനത്തിലും വളരുക എന്നതാണ് ലക്ഷ്യം. | ലക്ഷ്യം അംഗസംഖ്യയുടെ വർദ്ധനവു മാത്രം. |
| സ്വാഭാവികമായ പരസ്പര പ്രവർത്തനം ദിവസവും നടക്കും. | മുഖ്യമായും പ്രതീക്ഷിക്കുന്നതു നിശ്ചിത സമയത്തു സന്നിഹിതരാകുകയാണ്. |
| എല്ലാ അംഗങ്ങളും മറ്റുള്ളവരെ ശുശ്രൂഷിക്കുവാൻ പഠിക്കുന്നു. | ന്യൂനപക്ഷത്തിന്റെ കഠിന പ്രവർത്തനത്താൽ പരിപാടികൾ പൊയ്ക്കൊണ്ടിരിക്കും. |
| അംഗങ്ങൾ യേശുവിന്റെ ദൃശ്യ പ്രകടനം ആയിരിക്കും. | വെറുതെ പ്രവൃത്തികളും ചുമതലകളും പൂർത്തിയാക്കും. |
| എല്ലാ അംഗങ്ങളും അടുത്ത കൂട്ടായ്മയിലായിരിക്കും. | പലരും അന്യോന്യം ബന്ധപ്പെടുന്നതിൽ പരാജയപ്പെട്ടു വിട്ടുപോകും. |